# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6068 — 09.07.2013 ൽ മറുപടിക്ക്

### പബ്ലിക് റിലേഷൻസ് വകുപ്പ് അഡീഷണൽ ഡയറക്ടറെ സംബന്ധിക്കുന്ന ഫയലിലെ നടപടികൾ

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ഉത്തരം<br>ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) സംസ്ഥാന സർക്കാരിന്റെ പബ്ലിക് റിലേഷൻസ് വകുപ്പിൽ അഡീഷണൽ ഡയറക്ടറായിരുന്ന ഫിറോസ് ക്രിമിനൽ കേസ്സിൽ പ്രതിയാണെന്ന് കാണിച്ച് ഡി.ജി.പി. റിപ്പോർട്ട് ചെയ്തിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ; | എ) മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 910/2009 -ാം നമ്പർ ക്രൈം കേസിൽ ശ്രീ.എ.ഫിറോസിനെ മൂന്നാം പ്രതിയായി ചേർത്തിരിക്കുന്ന വിവരം 25.11.2010 ൽ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയും, ആ വിവരം രണ്ട് മാസം കഴിഞ്ഞ് 2.2.2011 ൽ DGP D5-104502/ 2010 നമ്പർ കത്തിലൂടെ സർക്കാരിനെ അറിയിക്കുകയും ചെയ്തു. |
| ബി) ഇതിന്റെ അടിസ്ഥാനത്തിൽ 25531/ എസ്.പി./ഇ 1/2011/ജി.എ.ഡി.ഫയലിൽ തുടർ നടപടി സ്വീകരിക്കാതെ വീണ്ടും ഡി.ജി.പി.യോട് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് മേൽ ഫയലിൽ കുറിപ്പ് എഴുതിയത് ഏത് ഉദ്യോഗസ്ഥനാണെന്നും അദ്ദേഹത്തിന്റെ പേരും തസ്തികയും ഏതാണെന്നും വിശദമാക്കുമോ; കുറിപ്പ് ഉൾപ്പെടുന്ന ഫയലിന്റെ പകർപ്പും ലഭ്യമാക്കാമോ; | ബി) 02.02.2011 ലെ DGP യുടെ റിപ്പോർട്ട് 04.02.2011 ൽ പൊതുഭരണ വകുപ്പിൽ ലഭിച്ചു, പ്രസ്തുത റിപ്പോർട്ടിൽ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. യാതൊരു മേൽനടപടിയും സ്വീകരിക്കാതെ രണ്ട് മാസത്തിനുശേഷം നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞ് കത്തയച്ചു. ഇക്കാര്യത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ നിയമവകുപ്പ് താഴെപറയും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്. (പ്രസക്തഭാഗങ്ങൾ)<br><br>"In Madhusoodanan Vs. State of Kerala (1993(3) KLN SN42) the Hon'ble High Court observed that it is the discretion of the competent authority to decide whether or not such an officer is to be placed under suspension from service pending Criminal investigation or charge."<br><br>പ്രസ്തുത കേസിന്റെ അപ്പോഴത്തെ അവസ്ഥയും കോടതിയിൽ ചാർജ്ഷീറ്റ് സമർപ്പിച്ചിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ അന്നത്തെ അഡീഷണൽ സെക്രട്ടറി ശ്രീ.എൻ.കുമാർ 26.05.2011 ൽ DGP യോട് ആരാഞ്ഞു. (ടി.കുറിപ്പ് ഉൾപ്പെടുന്ന കുറിപ്പ് ഫയലിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |

| | |
|---|---|
| സി) പ്രസ്തുത കുറിപ്പിന്റെ അടിസ്ഥാനത്തിൽ ഫയൽ മടക്കിയതുകൊണ്ടാണ് ഫിറോസിന് എതിരെ അന്ന് നടപടി എടുക്കാൻ സാധിക്കാതെ വന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | സി) 26.05.2011 ന് GAD അഡീ. സെക്രട്ടറി DGP ക്ക് അയച്ച കത്തിന് 19.06.2013 വരെ മറുപടി ലഭിച്ചില്ല. ഈ കാലതാമസത്തിന്റെ കാരണം വ്യക്തമല്ല. DGP യിൽ നിന്നും ആവശ്യപ്പെട്ടിരുന്ന അധിക വിവരങ്ങൾ ലഭിക്കാതിരുന്നു എന്ന കാരണം പറഞ്ഞാണ് ഫിറോസിന് എതിരെ അന്ന് നടപടി എടുക്കാൻ സാധിക്കാതെ വന്നതെന്ന് ഫയലിൽ നിന്നും മനസ്സിലാകുന്നു. |
| ഡി) ഡി.ജി.പി.യോട് വീണ്ടും വിശദീകരണം തേടിയുള്ള കുറിപ്പാണ് ഫിറോസിന് വീണ്ടും സ്ഥാനക്കയറ്റം നൽകാനുണ്ടായ സാഹചര്യം ഒരുക്കിയതെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | ഡി) ശ്രീ.ഫിറോസിനെ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 910/2009 -ാം നമ്പർ ക്രൈംകേസിൽ 3-ാം നമ്പരായി പ്രതിപ്പട്ടികയിൽ പേര് ചേർത്തിരുന്നു എന്നും, അന്വേഷണം പുരോഗമിച്ചു വരുന്നു എന്നുമുള്ള തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ റിപ്പോർട്ടും നിയമവകുപ്പിന്റെ അഭിപ്രായവും ലഭ്യമായിരുന്നു. 26.05.2011 ൽ DGP യോട് അധിക വിവരം ആരാഞ്ഞു. ടി. റിപ്പോർട്ട് DGP യിൽ നിന്നും ലഭിച്ചിരുന്നില്ല. ഫിറോസിന് ഡയറക്ടറായി സ്ഥാനക്കയറ്റം നൽകുമ്പോൾ ക്രിമിനൽ കേസ് സംബന്ധിച്ച ഒരു വിവരവും ലഭ്യമായിരുന്നില്ല. ഈ കാലഘട്ടത്തിൽ രേഖകൾ അടങ്ങിയ ഫയൽ അപ്രത്യക്ഷമായതായിട്ടാണ് അറിയാൻ കഴിഞ്ഞത്. കേസ് സംബന്ധിച്ച വിവരങ്ങൾ ഒന്നുംതന്നെ അറിയാതെയാണ് മന്ത്രിസഭാ യോഗം ടി.യാനെ വിവരപൊതു ജനസമ്പർക്ക വകുപ്പ് ഡയറക്ടറായി നിയമിച്ചത്. ഈ വിവരങ്ങൾ ഉൾപ്പെട്ട ഫയൽ അപ്രത്യക്ഷമാകുകയും ഇതിന്റെ വിശദവിവരങ്ങൾ ബന്ധപ്പെട്ടവർ ശ്രദ്ധയിൽപെടുത്താതിരിക്കുകയും ചെയ്ത സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ 17.06.2013 ൽ I&PRD സെക്രട്ടറി അന്വേഷണം നടത്തുവാൻ നിർദ്ദേശം നൽകിയ ശേഷമാണ് 19.06.2013 ന് DGP യുടെ റിപ്പോർട്ട് ലഭിച്ചത്. ഫയൽ അപ്രത്യക്ഷമായതിന്റെ കാരണം അന്വേഷിച്ചു വരുന്നു. |
| ഇ) പ്രസ്തുത വിഷയത്തിൽ ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടി എടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ: | ഇ) പ്രസ്തുത ഫയൽ നിരുത്തരവാദിത്വപരമായി കൈകാര്യം ചെയ്ത അസിസ്റ്റന്റുമാർ, സെക്ഷൻ ഓഫീസർമാർ എന്നിവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| എഫ്) മേൽ ഫയലിൽ കുറിപ്പെഴുതി ഫയൽ മടക്കാനുണ്ടായ സാഹചര്യം സൃഷ്ടിച്ച ഉദ്യോഗസ്ഥനെതിരെ നടപടി എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എഫ്) & (ജി) | വിവരം പരിശോധിച്ചുവരുന്നു. |
| ജി) ഇല്ലെങ്കിൽ നടപടി എടുക്കാൻ കഴിയാതെ ഫയൽ മടക്കുന്നതിനുള്ള കുറിപ്പെഴുതിയ ഈ ഉദ്യോഗസ്ഥനെ മാത്രം ഈ വിഷയത്തിൽ നടപടി എടുക്കാതെ മാറ്റി നിർത്തിയതിനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

Annexure

No. 25531/Spl.E1/11/GAD 5 G.A.(Spl.E) Department

## CONSOLIDATED NOTE

22 Director General of Police has forwarded the Special Report furnished by the Commissioner of Police, Thiruvananthapuram City regarding the involvement of Sri. Firoz, Deputy Director, I&PRD in a criminal case.

23 The case in crime 910/2009 u/s 120(B), 420,467,468,472 & 34 IPC was registered at Medical College Police Station on 26.12.2009 on the basis of the statement of the complaint, Sri. Salim M. Kabeer, Managing Director, Grand Tech Builders and Developers Pvt. Ltd., Kesavadasapuram, Thiruvananthapuram.

24 It is stated that the accused 1 & 2 in the case contacted the complainant through Sri. Firoz, Deputy Director, I &PRD.

25 The accused with the fraudulent Intention of cheating the defacto complainant convinced him that they would arrange an amount of Rs. 25 crores as loan from the State Bank of Travancore, KSEB, Pattom branch to the complainant and made fake documents and seal of SBT and other institutions and received an amount of Rs. 40,20,000/-( Forty lakhs and Twenty thousand only) from the complainant as commission on different occasions and cheated him by not arranging any loan as agreed.

26 Investigation disclosed that, Sri. Firoz, Deputy Director, Information and Public Relations Department, Government Secretariat is an accused in this case.

It is disclosed that Sri. Firoz has conspired and colluded with the accused for committing the offence. It is further revealed that, he had previously introduced some persons to the prime accused with the malafied intention for procuring illegal gain for the accused.

27 In the light of the investigation conducted so far it is disclosed that there is enough evidence to connect Sri. Firoz with the crime. As such Sri. Firoz, Deputy Director, Information and Public Relation Department, Government Secretariat ,Trivandrum is arrayed as 3rd accused in this case. A report to this effect was submitted before the Additional Chief Judicial Magistrate Court, Thiruvananthapuram. The Investigation is in progress.

28 When the file was forwarded to I&PRD for remarks that Department has opined that since the case is not related to I&PRD they have no remarks to offer in the matter.

29 Law Department has advised as follows:

Section 10 of Kerala Civil Services (CC&A) Rules deals with suspension of Government servants. It says as follows:

*"10. Suspension:- (1) The appointing authority or any authority empowered by the Government in that behalf may at any time placea Government servant under suspension*

*(a) where a disciplinary proceeding against him is contemplated pending; or*

25531/Spl.E/11/GAD    817    GA (Spl.E) Dept

(b) *where a case against him in respect of any criminal offence is under investigation or trial; or*

(c) *where final orders are pending in the disciplinary proceeding*

*if the appropriate authority considers that in then prevailing circumstances it is necessary, in public interest, the Government servant should be suspended from service"*

In Madhusoodanan Vs. State of Kerala (1993 (3) KLN. SN42) the Hon'ble High Court observed that it is the discretion of the competent authority to decide whether or not such an Officer is to be placed under suspension from service pending criminal investigation or charge."

Law Dept has advised this Dept to take an appropriate decision on the matter.

30. Sri.Firoz, Deputy Director, I& PRD is arrayed as 3rd accused in Crime Case No. 910/09. For orders on further course of action to be taken in the matter.

19/5/11    U-S

(31) Pl get the present status of the investigation from DGP with information whether the case has been charge sheeted in the court.

19/5    A-S    Secy, I & PRD

26/5/11

(32) orders above draft letter is put up for approval

26/5/11

26/5/11    US

ഒപ്പ്